പ്രസ്സ് റിലീസ് 21.05.2013

**സംസ്ഥാനത്ത് പകർച്ചവ്യാധി നിയന്ത്രണം ഊർജ്ജിതം;**
**26 ന് ഡ്രൈ ഡേ – മന്ത്രി വി.എസ്.ശിവകുമാർ**

സംസ്ഥാനത്ത് പകർച്ചവ്യാധികളെ നേരിടാൻ, മറ്റു വകുപ്പുകളുമായി സഹകരിച്ച്, ആരോഗ്യവകുപ്പ് ഊർജ്ജിതകർമ്മപരിപാടി നടപ്പിലാക്കി വരികയാണെന്നും ഇതിന്റെ ഭാഗമായി ഈ മാസം 26–ന് ഡ്രൈ ഡേ ആചരിക്കുമെന്നും ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ അറിയിച്ചു. 36 മുനിസിപ്പാലിറ്റികളിലും 928 പഞ്ചായത്തുകളിലും ഉദ്യോഗസ്ഥതല യോഗങ്ങൾ വിളിച്ചുചേർത്ത് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. 14,224 വാർഡുകളിൽ ശുചിത്വ സമിതികൾ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി. 13,986 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണം പൂർത്തിയാക്കി. എല്ലാ ജില്ലളിലും ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു. ഈ മാസം 12നും 19നുമായി നടന്ന ഡ്രൈ ഡേ ആചരണത്തിൽ സംസ്ഥാനത്തെ ഭൂരിഭാഗം വാർഡുകളിലും കൊതുകുകളുടെ ഉറവിട നശീകരണ തീവ്രയത്ന പരിപാടി സംഘടിപ്പിച്ചു. കുടിവെള്ളക്ഷാമംനേരിടുന്ന 1,172 വാർഡുകളിൽ അതു പരിഹരിക്കുവാൻ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു.

പകർച്ചവ്യാധികൾ വ്യാപിച്ചേക്കാവുന്ന പ്രദേശങ്ങൾ നിർണ്ണയിച്ച് അവിടങ്ങളിൽ കുടിവെള്ള വിതരണവും കൊതുകു നിയന്ത്രണവും ഊർജ്ജിതമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം പള്ളിച്ചൽ, കല്ലിയൂർ, കരകുളം, വിളപ്പിൽ എന്നീ പ്രദേശങ്ങളാണ് ഹോട്ട് സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ളത്. ജില്ലാതല ആരോഗ്യ പ്രവർത്തകരുടെ സംഘം ഇവിടെങ്ങളിലെത്തി പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. തത്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വത്തോടെ ഒരാഴ്ചത്തെ ഊർജ്ജിത കൊതുകു നിവാരണ പരിപാടിയും ഇവിടങ്ങളിൽ നടത്തിവരികയാണ്. ഫോഗ്ഗിങ്, സ്പ്രേയിംഗ്, കൊതുകുകളുടെ ഉറവിട നശീകരണം, വീടുതോറും പരിശോധന എന്നിവ ഊർജ്ജിതമാക്കിയിട്ടുണ്ട്.

എല്ലാ ജില്ലകളിലെയും, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്ത-നങ്ങളുടെ ചുമതലയുള്ള ഡെപ്യൂട്ടി ഡി.എം.ഒ മാരുടെയും 5 സർക്കാർ മെഡിക്കൽകോളേജുകളിൽ നിന്നും 2 സഹകരണ മെഡിക്കൽ കോളേജുകളിൽനിന്നുമുള്ള പകർച്ചവ്യാധി നിരീക്ഷണ സെൽ കോ-ഓർഡിനേറ്റർമാരുടെ യോഗം പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിൽ കൊതുകു നിയന്ത്രണം ശക്തമാക്കാൻ തിരുവനന്തപുരം, പാലക്കാട് ഡിവിഷണൽ മാനേജർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ മുതൽക്കുള്ള എല്ലാ ചികിത്സാ സംവിധാനങ്ങളിലും പനി ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്. ജില്ലയിലെ പനി ബാധിതരിൽ, രക്തത്തിലെ പ്ലേറ്റ്ലറ്റ് ഘടകം ആവശ്യമുള്ളവർക്ക് അവ ലഭ്യമാക്കാൻ പ്രത്യേക ക്രമീകരണം ഏർപ്പെടുത്താൻ നിർദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജിൽ നിന്നും ജനറൽ ആശുപത്രിയിൽ നിന്നും ബ്ലഡ് മൊബൈൽ വാൻ ഉപയോഗിച്ച് താലൂക്കാശുപത്രികൾവരെ പ്ലേറ്റ്ലറ്റ് ഘടകം എത്തിക്കുവാനാണ് നിർദേശിച്ചിട്ടുള്ളത് .

മോഡേൺ മെഡിസിൻ, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോ വകുപ്പ് എന്നിവ സംയുക്തമായി പ്രതിരോധ പ്രവർത്തനങ്ങളും ബോധ വത്ക്കരണവും ശക്തമാക്കിയിട്ടുണ്ട്. ഹോമിയോ, ആയുർവേദ, ഓഷധ കിറ്റുകൾ സംസ്ഥാന വ്യാപകമായി ലഭ്യമാക്കുന്നുണ്ട്. പകർച്ചവ്യധി നിയന്ത്രണത്തിന് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

**പ്രസ്സ് സെക്രട്ടറി**
9946105965